<u>15 -ാം കേരള നിയമസഭ</u>

<u>2 -ാം സമ്മേളനം</u>

<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1444</u> <u>28-07-2021 - ൽ മറുപടിയ്ക്ക്</u>

<u>ആദിവാസികൾക്ക് നേരെയുള്ള അതിക്രമം</u>

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സണ്ണി ജോസഫ് | | Shri. Pinarayi Vijayan<br>(മുഖ്യമന്ത്രി) | |
| (എ) | മുട്ടിൽ മരംമുറി സംഭവത്തിൽ ആദിവാസികളെ കബളിപ്പിച്ചതിന് ആദിവാസികൾക്ക് നേരെയുള്ള അതിക്രമം തടയൽ നിയമപ്രകാരം ജില്ലാഭരണകൂടം പരാതി നൽകിയിട്ടും കുറ്റക്കാർക്കെതിരെ പോലീസ് കേസെടുക്കാതിരുന്നതിന്റെ കാരണം വ്യക്തമാക്കുമോ; | (എ) | മുട്ടിൽ മരം മുറിയുമായും മറ്റ് മരം മുറിയുമായി ബന്ധപ്പെട്ട എല്ലാ കേസുകളും പോലീസ്, വനം, വിജിലൻസ് എന്നീ വകുപ്പുകൾ ചേർന്ന SIT യുടെ മേൽനോട്ടത്തിലാണ് അന്വേഷണം നടത്തി വരുന്നു. മുട്ടിൽ മരം മുറിയുമായി ബന്ധപ്പെട്ട 68ഓളം ഭൂവുടമകളുടെ ഭൂമിയിൽ നിന്ന് സർക്കാരിൽ നിക്ഷിപ്തമായ വീട്ടി മരങ്ങൾ മുറിച്ച് കടത്തിയതായി വൈത്തിരി ഭൂരേഖാ തഹസിൽദാരുടെ പരാതിയിൽ ഭൂവുടമകളുടെ പേരിൽ 04.06.2021 തീയതി മീനങ്ങാടി പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ 281/21 u/s 379 IPC പ്രകാരം കേസ് രജിസ്റ്റർ ചെയ്തിരുന്നു. വയനാട് ജില്ലാ കളക്ടറുടെ പരാതി മീനങ്ങാടി പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ 281/21 കേസിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ടി പരാതിയിൽ പറഞ്ഞ പ്രകാരം ആദിവാസികൾക്കെതിരെ ചൂഷണം നടന്നു എന്നു അന്വേഷണത്തിൽ വെളിവായാൽ ബന്ധപ്പെട്ട വകുപ്പുകൾ ചേർത്ത് കുറ്റപത്രം സമർപ്പിക്കുന്നതിനുള്ള പോലീസ് നടപടികൾ സ്വീകരിക്കുന്നതാണ്.മരം മുറി കേസുമായി ബന്ധപ്പെട്ട് ജോസ് കുട്ടി അഗസ്റ്റിൻ,റോജി അഗസ്റ്റിൻ,അബ്ദുൽ നാസർ,അബൂബക്കർ,വിനീഷ് എന്നീ പ്രതികളെ അറസ്റ്റ് ചെയ്തിട്ടുണ്ട് |
| (ബി) | ഇക്കാര്യത്തിൽ പ്രതികളെ സംരക്ഷിക്കുന്ന നിലപാട് സ്വീകരിച്ച പോലീസ് ഉദ്യോഗസ്ഥർക്കെതിരെ സർക്കാർ നടപടി സ്വീകരിച്ചിട്ടുണ്ടോ; | (ബി) | അന്വേഷണ ഉദ്യോഗസ്ഥന്മാർ പ്രതികളെ സംരക്ഷിക്കുന്നതായ നിലപാട് കൈക്കൊള്ളുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.അത്തരമൊരു നിലപാട് ഒരു കേസുകളുടെ കാര്യത്തിലും സ്വീകരിക്കുന്നതല്ല. |
| (സി) | ഈ സംഭവത്തിൽ വഞ്ചിതരായ ആദിവാസി സമൂഹത്തിന് നീതി ലഭ്യമാക്കാൻ സർക്കാർ എന്തെങ്കിലും നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ? | (സി) | മേൽ സംഭവത്തിൽ ആദിവാസി വിഭാഗത്തിലുള്ള ആളുകൾക്കെതിരെ എന്തെങ്കിലും തരത്തിലുള്ള ചൂഷണം നടന്നതായി അന്വേഷണത്തിൽ വെളിവായാൽ ശക്തമായ നിയമ നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ